**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 905** **14-01-2021 - ൽ മറുപടിയ്ക്ക്**

**പാൽ ഉൽപാദനത്തിലെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുല്ലക്കര രത്നാകരൻ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഓരോ വർഷവും പാൽ ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും ഉണ്ടായ വർദ്ധനവിന്റെ കണക്ക് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രതിദിനം 2 ലക്ഷം ലിറ്റർ പാൽ അധികമായി സംഭരിച്ചു വരുന്നുണ്ട്. പാലുല്പാദനത്തിൽ സഹകരണ മേഖലയിലൂടെ ഉണ്ടായ വർദ്ധനവിന്റെ കണക്കും, സംസ്ഥാനത്തെ മൊത്തം പാൽ ഉൽപാദനത്തിലും, ഉൽപാദന ക്ഷമതയിലും ഉണ്ടായ വർദ്ധനവിന്റെ കണക്കും അനുബന്ധം-1ൽ ചേർക്കുന്നു. |
| (ബി) | പാൽ ഉൽപാദന വർദ്ധനവിനും പാൽ ഉൽപാദനക്ഷമതാ വർദ്ധനവിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (ബി) | ക്ഷീരവികസന വകുപ്പ് പാലുല്പാദന വർദ്ധനവ് ലക്ഷ്യം വച്ചാണ് കറവ പ്പശുക്കളെ വിതരണം ചെയ്യുന്നതിനുള്ള എം.എസ്.ഡി.പി. പദ്ധതി, തീറ്റപ്പുൽകൃഷി പദ്ധതി, കാലിത്തീറ്റ സബ്സിഡി പദ്ധതി, ഫാമുകളുടെയും തീറ്റപ്പുൽ കൃഷിത്തോട്ട ങ്ങളുടെയും യന്ത്രവൽക്കരണം എന്നീ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. മൃഗ സംരക്ഷണ വകുപ്പ് സബ്സിഡി നിരക്കിൽ തീറ്റയും, ഇൻഷ്വറൻസ് പരിരക്ഷയും, ശാസ്ത്രീയ പരിപാലനവും ഉറപ്പാക്കുന്നുണ്ട്. ഒരു പശുക്കുട്ടിയ്ക്ക് നിലവിൽ 12500/- രൂപ സബ്സിഡി നൽകി വരുന്നു. ഇരു പദ്ധതികളിലുമായി കഴിഞ്ഞ 3 വർഷങ്ങളിലായി 1,98,162 പശുക്കുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്രീയ പരിരക്ഷ ലഭ്യമാക്കി. 2019-2020 ൽ കാഫ് അഡോപ്ഷൻ പദ്ധതിയിൽ 20878 കന്നുകുട്ടികളെയും, ഗോവർദ്ധിനി പദ്ധതിയിൽ 14448 കന്നുകുട്ടികളെയും ഉൾപ്പെടുത്തി. സംസ്ഥാനത്ത് പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കന്നു കാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതികൾ നിർണായക പങ്ക് വഹിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ക്ഷീര കർഷകരുടെയും ഉരുകൾക്കും സൗജന്യമായി ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ, വിര മരുന്ന്, ധാധു ലവണ മിശ്രിതം, വാക്സിനേഷൻ എന്നിവ നൽകിവരുന്നു. |

| | | | |
|---|---|---|---|
| (സി) | പാലുൽപാദനത്തിനും ഉൽപാദനക്ഷമതയ്ക്കുമായി എത്ര തുക വകയിരുത്തിയെന്ന് വിശദമാക്കാമോ? | (സി) | ക്ഷീര വികസന വകുപ്പ് തൻവർഷം 103.71 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നു. മൃഗ സംരക്ഷണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന ഗോവർദ്ധനി പദ്ധതിക്ക് 40 കോടി രൂപയും, കന്നുകുട്ടി പരിപാലന പദ്ധതിക്ക് 10 കോടി രൂപയും ഉൾപ്പെടെ രണ്ട് പദ്ധതികൾക്കുമായി ഈ സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

### സഹകരണ മേഖലയിലെ പാലുല്പാദനം

| ക്രമ നം. | വർഷം | ലക്ഷം (മെ.ടൺ) / പ്രതിവർഷം | ലക്ഷം (ലി.) / പ്രതിദിനം |
|---|---|---|---|
| 1 | 2016-17 | 5.94 | 16.27 |
| 2 | 2017-18 | 6.62 | 18.14 |
| 3 | 2018-19 | 6.80 | 18.64 |
| 4 | 2019-20 | 6.79 | 18.60 |
| 5 | 2020-21 (November) | -- | 20.83 |

### പാൽ ഉൽപാദനത്തിലും ഉൽപാദനക്ഷമത യിലും ഉണ്ടായ വർദ്ധനവ്

| Year | Milk Production in tonnes | Yield Rate in kg/day |
|---|---|---|
| 2015-16 | 2649.72 | 10.18 |
| 2016-17 | 2520.29 | 10.25 |
| 2017-18 | 2575.98 | 10.19 |
| 2018-19 | 2548.68 | 10.16 |
| 2019-20 (Provisional) | 2542.37 | 10.24 |